**അറിയിപ്പ്**

<u>സ്റ്റീഫൻ വില്യം ഹോക്കിങ്ങിന്റെ നിര്യാണം</u>

<u>മി. സ്പീക്കർ</u>: ഒരു ദുഃഖകരമായ അറിയിപ്പ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിജീവിക്കാനിടയില്ലാത്തവിധം ശാരീരിക പരിമിതികളുണ്ടായിരുന്ന വിഖ്യാതനായ ബ്രിട്ടീഷ് ഭൗതിക ശാസ്ത്രജ്ഞനും പ്രപഞ്ചശാസ്ത്ര സൈദ്ധാന്തികനുമായിരുന്ന സ്റ്റീഫൻ വില്യം ഹോക്കിങ്ങ് അന്തരിച്ചു. നക്ഷത്രങ്ങൾ നശിക്കുമ്പോൾ രൂപപ്പെടുന്ന തമോഗർത്തങ്ങളെക്കുറിച്ച് ഇന്ന് ലഭ്യമായ ആധികാരിക വിവരങ്ങളിൽ വലിയൊരളവ് അദ്ദേഹത്തിന്റെ സംഭാവനയാണ്. അദ്ദേഹം കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ഗണിതശാസ്ത്ര വിഭാഗത്തിൽ പ്രൊഫസറായിരുന്നു. ആധുനിക പ്രപഞ്ചശാസ്ത്രത്തിന് രൂപം നൽകുന്നതിൽ പ്രമുഖ പങ്കുവഹിച്ച ഭൗതിക ശാസ്ത്രജ്ഞനും പ്രപഞ്ച ഗവേഷകനുമായ സ്റ്റീഫൻ ഹോക്കിങ്ങ്, ആൽബർട്ട് ഐൻസ്റ്റീനുശേഷം ലോകംകണ്ട ഏറ്റവും പ്രതിഭയുള്ള ശാസ്ത്രജ്ഞനാണ്. മനുഷ്യരുടെ ചിന്തയെ നിരന്തരം മഥിച്ചുകൊണ്ടിരുന്ന പ്രപഞ്ച പ്രഹേളികൾക്ക് യുക്തിഭദ്രമായ ഉത്തരം നൽകിയ ഹോക്കിങ്ങ് ശാസ്ത്രജ്ഞനെന്ന നിലയിലും ശാരീരികമായി അതിജീവിക്കാനിടയില്ലാത്തവിധം പരിമിതികളുള്ള വ്യക്തിയെന്ന നിലയിലും ഒരത്ഭുതമായിരുന്നു. 76-ാം വയസ്സിൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞ

അദ്ദേഹത്തിന് കേരള നിയമസഭയുടെ ആദരാഞ്ജലികൾ.

## ശ്രീ. കെ.പി. രാമനുണ്ണിയുടെ 'ദൈവത്തിന്റെ പുസ്തക'ത്തെപ്പറ്റി ചർച്ചയും സംവാദവും

മി. സ്പീക്കർ: കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഇന്ന് സഭാ സമ്മേളനത്തിനുശേഷം ഒരു ചർച്ചയും സംവാദവും സംഘടിപ്പിച്ചിട്ടുണ്ട്. സാധാരണഗതിയിൽ എപ്പോഴും നടക്കുന്ന നിലയിലുള്ളൊരു സംവാദമല്ല. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച ശ്രീ. കെ. പി. രാമനുണ്ണിയുടെ 'ദൈവത്തിന്റെ പുസ്തകമെന്ന' ഗ്രന്ഥത്തെപ്പറ്റിയാണ് സംവാദം സംഘടിപ്പിച്ചിട്ടുള്ളത്. തുടർന്ന് സംഗീതസദ്യയുമുണ്ട്. കാലത്തിന്റെ പുസ്തകമെന്ന് പറയാവുന്ന പ്രശസ്തമായൊരു പുസ്തകമാണത്. നിയമസഭാ സാമാജികരിൽനിന്ന് മൂന്നുപേർ അതിനെക്കുറിച്ച് സംസാരിക്കുന്നുണ്ട്. അതിന്റെ ക്ഷണക്കത്തുകൾ എല്ലാവർക്കും ലഭ്യമാക്കിയിട്ടുണ്ട്. ഇന്ന് വൈകുന്നേരം 6.00 മണിക്ക് ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽവച്ചാണ് പരിപാടി നടക്കുന്നത്. എല്ലാ അംഗങ്ങളെയും ആ സംവാദത്തിലേയ്ക്കും സംഗീതസന്ധ്യയിലേയ്ക്കും തുടർന്നുള്ള അത്താഴ വിരുന്നിലേയ്ക്കും ചെയർ ക്ഷണിക്കുന്നു.